LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തികപ്രതിസന്ധിമൂലം അടഞ്ഞുകിടക്കുന്ന തോട്ടങ്ങളിലെ ഉടമകളെ 2003-2004, 2004-2005 വർഷങ്ങളിലെ പ്ലാന്റേഷൻ ടാക്സിൽനിന്നും അഗ്രികൾച്ചറൽ ഇൻകം ടാക്സിൽനിന്നും ഒഴുവാക്കി സർക്കാർ ഉത്തരവായിട്ടുണ്ട്. കൂടാതെ, തുറന്നു പ്രവർത്തിക്കുന്ന തോട്ടങ്ങളിലെ കുടിശ്ശികയായിട്ടുള്ള വൈദ്യുതി ചാർജ്ജ് തവണകളായി അടയ്ക്കുന്നതിന് തോട്ടമുടമകൾക്ക് അനുമതി നൽകിയിട്ടുണ്ട്.

തൊഴിൽ വകുപ്പിലെ ഒഴിവുകൾ

46 [508] *ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകൾ പ്രൊമോഷൻ മുഖേന നികത്തുവാനുണ്ട്;

(ബി) അസിസ്റ്റന്റ് ലേബർ ആഫീസർ തസ്തികയിൽ പി.എസ്.സി. മുഖേന നേരിട്ടുള്ള നിയമനത്തിന് എത്ര ഒഴിവുകളിലേക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്?

ഉത്തരം

(എ) പന്ത്രണ്ട് ഒഴിവുകൾ.

(ജോയിന്റ് ലേബർ കമ്മീഷണർ, ഡെപ്യൂട്ടി ലേബർ കമ്മീഷണർ, ചീഫ് ഇൻസ്പെക്ടർ ഓഫ് പ്ലാന്റേഷൻ എന്നീ തസ്തികയിൽ ഒരൊഴിവു വീതവും, ജൂനിയർ സൂപ്രണ്ട് തസ്തികയിൽ മൂന്ന് ഒഴിവുകളും, ജില്ലാ ലേബറാഫീസർ തസ്തികയിൽ ആറ് ഒഴിവുകളും നിലവിലുണ്ട്).

(ബി) രണ്ടാം ഗ്രേഡ് അസിസ്റ്റന്റ് ലേബറാഫീസർ തസ്തികയിൽ നേരിട്ടുള്ള നിയമനത്തിന് 8 പേരുടെ ഒഴിവ് ലേബർ കമ്മീഷണർ റിപ്പോർട്ട് ചെയ്തതനുസരിച്ചാണ് കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ടി തസ്തികയിലേക്ക് അപേക്ഷ ക്ഷണിച്ചത്. പിന്നീട് നിലവിൽവന്ന ഒഴിവുകൾ ഉൾപ്പെടെ നേരിട്ടുള്ള നിയമനത്തിനായി ഇപ്പോൾ 21 ഒഴിവുകൾ ഉണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തവർ

47 [509] *ശ്രീ. എ. കെ. ബാലൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആകെ എത്രപേർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അതിൽ മെഡിക്കൽ, എഞ്ചിനീയറിംഗ്, ബിരുദാനന്തര ബിരുദധാരികൾ, ബിരുദക്കാർ, എസ്.എസ്.എൽ.സി. പാസ്സായവർ, എസ്.എസ്.എൽ.സി. തോറ്റവർ, മറ്റു വിഭാഗക്കാർ എന്നിവർ എത്രവീതമുണ്ട്;